G3-10501 8901 9690/

കേരള സർക്കാർ

സംഗ്രഹം

വനം, വന്യജീവി വകുപ്പ്-ആദിവാസി ക്ഷേമ സെല്ലുകൾ രൂപീകരിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(എം.എസ്)28/2000/വനം. തിരുവനന്തപുരം തീയതി 22.5.2000.

---

പരാമർശം: 28.12.99ലെ സർക്കാർ ഉത്തരവ്(എം.എസ്)നമ്പർ 99/99/വനം.

## ഉത്തരവ്

ആദിവാസി ക്ഷേമ സെല്ലുകൾ രൂപീകരിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള പരാമർശ ഉത്തരവിൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു.

(1) ആദിവാസി ക്ഷേമ സെല്ലുകൾ രൂപീകരിക്കുന്നതിന്റെയും ക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്താൻ യോഗം വിളിച്ചുകൂട്ടുന്നതിന്റെയും ചുമതല അതാത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കായിരിക്കും;

(2) ആദിവാസി ക്ഷേമ സെല്ലിൽ അംഗമായി ഉൾപ്പെടുത്തിയിരുന്ന ജില്ലാ പട്ടിക വർഗ്ഗ ക്ഷേമ ഓഫീസർക്കു പകരം അതാതു ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ അല്ലെങ്കിൽ ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസർ എന്ന് മാറ്റം വരുത്തിയിരിക്കുന്നു;

(3) ഓരോ പഞ്ചായത്തിൽ നിന്നും പട്ടികവർഗ്ഗ വകുപ്പ് നിയമിച്ചിട്ടുള്ള ഒരു സോഷ്യൽ ആക്ടിവിസ്റ്റിനെയും ആദിവാസി ക്ഷേമ സെല്ലിൽ അംഗമായി ഉൾപ്പെടുത്തേണ്ടതാണ്.

2. പരാമർശ സർക്കാർ ഉത്തരവ് മേൽപ്പറയുംവിധം ഭേദഗതി ചെയ്തിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

പി. ചെറിയാൻ ഫിലിപ്പ്,
ജോയിന്റ് സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഡി ആൻഡ് പി), തിരുവനന്തപുരം.

മേലെഴുത്ത് നം.എഫ്.ഡ3-34609/96 തീയതി 29.6.2000.

പകർപ്പ്: എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അറിവിനും അടിയന്തിര നടപടിക്കുമായി അയക്കുന്നു. 18.1.2000ലെ ഇതേ നമ്പർ മേലെഴുത്തിന്റെ തുടർച്ചയാണിത്. ഉത്തരവ് പ്രകാരമുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കി സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് എത്രയും പെട്ടെന്ന് സമർപ്പിക്കാൻ നിർദ്ദേശിക്കുന്നു.

Sd/-

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(സംരക്ഷണം)ക്കു

ജി.എൽ.29.6.

G3 — Central Circle, TCR

To all DFOs for report on action taken. Take photocopies

DESPATCHED Date 4/7

Approved for issue

Jr Supdt

Encl on G3-5034/2000 dt 4.7.2000

Copy to all DFOs

96